# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1523** | **31.01.2018 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി വ്യാപനം

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് നല്കുന്ന സഹായങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ? | സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കൊണ്ട് 2015-16 സാമ്പത്തിക വർഷം മുതൽ സമഗ്രജൈവ കൃഷി പദ്ധതി നടപ്പാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് സമഗ്ര ജൈവകൃഷി പദ്ധതിയ്ക്കായി 1000 ലക്ഷം രൂപ വകകൊള്ളിച്ച് പദ്ധതി നടപ്പാക്കി വരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1) <u>ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ</u><br>കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹന പ്രവർത്തനം നടത്തി വരുന്നു.നിലവിൽ 155 ക്ലസ്റ്ററുകൾക്കായി 116 ലക്ഷം രൂപ ധനസഹായമായി നൽകുന്നു.<br><br>2) <u>ഇക്കോഷോപ്പുകൾ</u><br>ജൈവ കർഷകരുടെ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 65 ഇക്കോഷോപ്പുകൾ നിലവിലുണ്ട്. നടപ്പ് സാമ്പത്തിക വർഷം 150 പുതിയ ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് 20% അധിക വില ഇക്കോഷോപ്പുകൾ വഴി വിപണനം ചെയ്യുമ്പോൾ കർഷകന് ലഭിക്കുന്നു. |

3) ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക്" എന്ന ലേബലിലുള്ള ഉല്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയും ഉള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4) ജൈവകാർഷിക മണ്ഡല അവാർഡുകൾ

ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന മൂന്ന് നിയോജകമണ്ഡലങ്ങൾക്കും മൂന്ന് മുനിസിപ്പാലിറ്റികൾക്കും സംസ്ഥാനതലത്തിൽ ഒരു കോർപ്പറേഷനും ജൈവകൃഷിയിലേക്ക് മാറിയിട്ടുള്ള ജില്ലയിലെ മൂന്ന് മികച്ച പഞ്ചായത്തുകൾക്കും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നൽകുന്നു.

5) കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ

കാസർഗോഡ് ജില്ലയിൽ സമ്പൂർണ്ണ ജൈവ ജില്ലയാക്കി മാറ്റുന്നതിന്റെ ഭാഗമായി ജില്ലയിൽ കാർഷിക ഉല്പന്നങ്ങൾക്ക് പി.ജി.എസ് സർട്ടിഫിക്കേഷൻ നടപ്പാക്കുന്നതിന് 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

6) കുട്ടനാട് ജി.എ.പി - കുട്ടനാട്ടിലെ സുസ്ഥിര കൃഷി

കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി വ്യാപിപ്പിക്കുന്നത് ഉദ്ദേശിച്ചുള്ള പദ്ധതിയാണ്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാടൻ പ്രദേശത്ത് ജൈവ നെൽകൃഷി പദ്ധതി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കുട്ടനാട്ടിലെ 64 പഞ്ചായത്തുകൾ ഉൾപ്പെടുന്ന 42,000 ഹെക്ടർ പ്രദേശത്താണ് പദ്ധതി നടപ്പിലാക്കുന്നത്.

ഐ.സി.എസ് ജൈവ സർട്ടിഫിക്കേഷനോടു കൂടി ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം 2014-15 മുതൽ സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് സഹായം നൽകി വരുന്നു. കൂടാതെ ജൈവസർട്ടിഫിക്കേഷന് വേണ്ടി മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ ധനസഹായം നൽകുന്നുണ്ട്. ദേശീയ സുസ്ഥിര കാർഷിക മിഷന്റെ ഘടകമായ പരമ്പരാഗത് കൃഷി വികാസ് യോജന പദ്ധതി പ്രകാരം കർഷക കൂട്ടായ്മകളുടെ പങ്കാളിത്തത്തോടു കൂടി പി.ജി.എസ് സർട്ടിഫിക്കേഷനോടു കൂടി ജൈവ കൃഷി നടപ്പിലാക്കുന്നതിന് ധനസഹായം നൽകുന്നു.

Mayal

**സെക്ഷൻ ഓഫീസർ**